മുഖ്യമന്ത്രിയുടെ പ്രമേയം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ ശേഷിക്കുന്ന സഭാ നടപടികൾ ബഹിഷ്ക്കരിച്ചു)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ, 12-ാം കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനം (17-ാം സമ്മേളനം) പൂർത്തീകരിച്ച് സഭ പിരിയുന്നു. ഈ സെഷൻ ഫെബ്രുവരി 4-ന് ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ആരംഭിച്ചത്. 13 ദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു. 2011 ഏപ്രിൽ മുതൽ 4 മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട്, 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥന, വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ധനവിനിയോഗ ബിൽ, 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ എന്നിവ ചർച്ച ചെയ്ത് പാസ്സാക്കുകയുണ്ടായി. 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ, 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ എന്നിവ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. 2006 മേയ് 18-ന് നിലവിൽ വന്ന 12-ാം കേരള നിയമസഭ 17 സമ്മേളനങ്ങളാണ് ചേർന്നത്. 17 സമ്മേളനങ്ങളിലായി 253 ദിവസം സഭ സമ്മേളിച്ചു. 5 വർഷത്തിനിടെ 6 പ്രാവശ്യം ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനും 6 ബഡ്ജറ്റ് പ്രസംഗത്തിനും സഭ സാക്ഷ്യം വഹിച്ചു. ഈ സഭയുടെ കാലയളവിനുള്ളിൽ വലുതും ചെറുതുമായ 139 ബില്ലുകൾ പാസ്സാക്കുകയുണ്ടായി. അതിൽ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന ഒട്ടേറെ നിയമനിർമ്മാണത്തിന് ഭരണ-പ്രതിപക്ഷ ഐക്യത്തിനും സഭ സാക്ഷ്യം വഹിച്ചു. നിയമ നിർമ്മാണത്തിനു മാത്രമായി കഴിഞ്ഞ 5 വർഷവും പ്രത്യേകമായി സഭ വിളിച്ചുചേർക്കാൻ കഴിഞ്ഞത് 12-ാം നിയമസഭയുടെ പ്രത്യേകതയാണ്. പാർലമെന്റിലേയും സംസ്ഥാന നിയമസഭകളിലേയും എസ്.സി/എസ്.ടി. സംവരണം ദീർഘിപ്പിക്കുന്നതിനുള്ള ഭരണഘടനാ ഭേദഗതിയെ അംഗീകരിച്ചുകൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് പാസ്സാക്കുകയുണ്ടായി. ശൂന്യവേളയിലെ അടിയന്തര പ്രമേയങ്ങളുടെ അവതരണ സമയത്താണ് സഭ പ്രക്ഷുബ്ധമാകുന്നത്. 1957 മുതൽ 2006 വരെ സഭയിൽ ആകെ 14 അടിയന്തിര പ്രമേയങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളത്. എന്നാൽ ഈ സഭയുടെ കാലയളവിൽ 5 അടിയന്തര പ്രമേയങ്ങൾ സഭയിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. പന്ത്രണ്ടാം കേരള നിയമ സഭയിൽ റൂൾ 130 അനുസരിച്ചുള്ള 5 പ്രമേയങ്ങളിൽ ചർച്ചയും റൂൾ 300 അനുസരിച്ചുള്ള 30 പ്രസ്താവനകളും നടത്തുകയുണ്ടായി. സഭയിൽ ഇതുവരെ 424 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും 3547 സബ്മിഷനുകളും അവതരിപ്പിക്കപ്പെട്ടു. നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ കാലാനുസൃതവും സമഗ്രവുമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞതിൽ പാരിതാർത്ഥ്യമുണ്ട്. സബ്ജക്ട് കമ്മിറ്റി സമ്പ്രദായം ആരംഭിച്ചതിനുശേഷം ഇപ്പോഴാണ് പുന:സംഘടന നടത്തുന്നത്. സബ്ജക്ട് കമ്മിറ്റികൾ 10-ൽ നിന്നും 14 ആയും അസംബ്ലി കമ്മിറ്റികൾ 19-ൽ നിന്നും 23 ആയും വർദ്ധിപ്പിച്ചു. ഈ സഭയുടെ കാലയളവിൽ 4 ക്ഷേമസമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഇതിനായി ആറു സെക്ഷനുകൾ പുതുതായി ആരംഭിക്കുകയും ചെയ്തു. ഒരു വർഷം നീണ്ടുനിന്ന നിയമസഭയുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾ വിപുലമായി സംഘടിപ്പിക്കാൻ കഴിഞ്ഞു. അരനൂറ്റാണ്ടിനു ശേഷമാണ് ആൾ ഇന്ത്യാ പ്രിസൈഡിംഗ് ഓഫീസേഴ്സ് സമ്മേളനം നമ്മൾ ഏറ്റെടുത്ത് നടത്തിയത്. നിയമസഭയുടെ യശസ്സ് ഉയർത്തുന്ന തരത്തിൽ സമ്മേളനം സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞു. സമ്മേളനത്തോടനുബന്ധിച്ച് 1957 മുതൽ 2007 വരെയുള്ള 50 വർഷത്തിനിടയിൽ നിയമസഭ പാസാക്കിയ 1350 നിയമങ്ങളെ ക്രോഡീകരിച്ചുകൊണ്ട് 'നിയമനിർമ്മാണത്തിന്റെ 50 വർഷങ്ങൾ' എന്ന ബൃഹത്തും ആധികാരികവുമായ ഗ്രന്ഥം പ്രസിദ്ധീകരിച്ചു. നിയമസഭയുടെ നടപടികൾ പൊതുജനത്തിന് ലഭ്യമാകുന്നതിന് നിയമസഭാനടപടികളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലേക്ക് കടക്കുകയാണ്. ഒന്നാം ഘട്ടമായി 1957 മുതൽ 1982 വരെയുള്ള നിയമസഭാനടപടികൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. രണ്ടാം ഘട്ടം വളരെ പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മുൻകാല നിയമസഭകളുടെ നിരവധി സെഷനുകളിലായി പ്രിന്റുചെയ്ത് പ്രസിദ്ധീകരിക്കാൻ കുടിശ്ശികയുണ്ടായിരുന്ന പ്രൊസീഡിംഗ്സ് സമയബന്ധിതമായി പ്രിന്റു ചെയ്തു നൽകുന്നതിനും തുടർന്ന് അതാത് സമയങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. നിയമസഭാ പ്രവർത്തനങ്ങൾ പ്രശ്ന രഹിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഭരണ-പ്രതിപക്ഷ അംഗങ്ങളുടെ ഭാഗത്തുനിന്നും എനിക്ക് നിർലോഭമായ സഹകരണം ലഭിച്ചിട്ടുണ്ട്. ബഹു. ഡെപ്യൂട്ടി സ്പീക്കർ, പാനൽ ചെയർമാൻമാർ എന്നിവരും സഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. സഭാനടപടികൾ അതർഹിക്കുന്ന ഗൗരവത്തോടെ റിപ്പോർട്ട് ചെയ്യുന്നതിന് പത്ര മാധ്യമ സുഹൃത്തുക്കൾ തയ്യാറായിട്ടുണ്ട്. നിയമനിർമ്മാണത്തിന്റേയും പാർലമെന്ററി ജനാധിപത്യത്തിന്റെയും മഹനീയ മാതൃകകൾ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞ 5 വർഷവും ഒരു പരിധിവരെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിയമസഭാ സമ്മേളനങ്ങൾ വിജയകരമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, പാർലമെന്ററികാര്യവകുപ്പുമന്ത്രി, മന്ത്രിമാർ, കക്ഷിനേതാക്കൾ തുടങ്ങി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും നൽകിയ പിന്തുണയും സഹകരണവും ചെയർ നന്ദിപൂർവ്വം സ്മരിക്കുന്നു. അതോടൊപ്പം മാധ്യമപ്രവർത്തകർ, നിയമസഭാ ജീവനക്കാർക്കും, നിയമസഭാ കോംപ്ലക്സിലെ പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർക്കും, മറ്റ് വിവിധ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എല്ലാവിധത്തിലും നന്മകളും ആശംസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly